എൻ.4/32368/2018/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി : 15.02.2019

# സർക്കുലർ

വിഷയം:- കോളേജ് വിദ്യാഭ്യാസ വകുപ്പ് - പ്രിസം സോഫ്റ്റ് വെയർ - ഓൺലൈൻ മുഖേന പെൻഷൻ അപേക്ഷ സമർപ്പിക്കുന്നത് - സംബന്ധിച്ച്.

സൂചന:- ഈ ഓഫീസിലെ 29.01.2019-ലെ ഇതേ നമ്പർ സർക്കുലർ

---------

ഈ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ അപേക്ഷകൾ ഓൺലൈനായി പരിശോധിച്ച് തീർപ്പാക്കുന്നതിനായി സൂചന പ്രകാരം നിർദ്ദേശം നൽകിയിരുന്നു. പ്രിസം സോഫ്റ്റ് വെയർ മുഖേന ഓൺലൈൻ രജിസ്ട്രേഷൻ, വെരിഫിക്കേഷൻ എന്നിവ നടത്തുന്നതിനായി ചുവടെക്കൊടുത്തിരിക്കുന്ന നടപടികൾ കൂടി പൂർത്തിയാക്കേണ്ടതാണ്. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാരെയും Head of the Office ആയും PSA ആയും അസിസ്റ്റന്റ് നോഡൽ ഓഫീസർമാർ രജിസ്റ്റർ ചെയ്യിക്കേണ്ടതാണ്. സ്വകാര്യ എയ്ഡഡ് കോളേജുകളിലെ ജീവനക്കാരും അദ്ധ്യാപകരും അവരുടെ ഓൺലൈൻ പെൻഷൻ അപേക്ഷകൾ ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർക്ക് (Head of the Office) Submit ചെയ്യേണ്ടതാണ്. ഡെപ്യൂട്ടി ഡയറക്ടറേറ്റിലെ പെൻഷൻ സെക്ഷൻ കൈകാര്യം ചെയ്യുന്ന ഒരു ജീവനക്കാരനെ (അക്കൗണ്ട്സ് ഓഫീസർ/സൂപ്രണ്ട്/ക്ലാർക്ക്) Department User ആയി ബന്ധപ്പെട്ട Nodal Officer രജിസ്റ്റർ ചെയ്യിക്കേണ്ടതാണ്. സർക്കാർ കോളേജിലെ ജീവനക്കാരുടേയും അദ്ധ്യാപകരുടെയും അപേക്ഷകൾ Head of the Office-ന് (കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റിലെ പെൻഷൻ അക്കൗണ്ട്സ് ഓഫീസർക്ക്) സബ്മിറ്റ് ചെയ്യേണ്ടതാണ്.

കെ.ജയചന്ദ്രൻ
അക്കൗണ്ട്സ് ഓഫീസർ (പെൻഷൻ)
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി

എസ്.ആർ/16.02.2019

12240